**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സാമൂഹ്യ അകലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ ഒന്നും രണ്ടും തരംഗത്തിൽ സാമൂഹ്യ അകലം നിഷ്കർഷിച്ചിരുന്നത് എത്രയാണ്; | (എ) | വ്യക്തികൾ തമ്മിൽ 2 മീറ്റർ അകലമാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരിൽ ഏറിയ പങ്കും സാധാരണക്കാരായതിനാൽ ബസ്സുകളിൽ കോവിഡിനോടനുബന്ധിച്ച് നിർബന്ധമായും പാലിക്കേണ്ട സാമൂഹിക അകലം പരിപൂർണ്ണമായും ലംഘിച്ച് സർവ്വീസ് നടത്തിയിരുന്നോ; | (ബി) | സാമൂഹിക അകലം ഉൾപ്പെടെ കോവിഡ് പ്രോട്ടോക്കോൾ നിർബന്ധമായും പാലിച്ചാണ് KSRTC സർവ്വീസ് നടത്തുന്നത്. |
| (സി) | യാത്രക്കാരിൽ അധികവും സാധാരണക്കാരാണെന്ന സമീപനത്തിൽ മാറ്റം വരുത്തി പ്രതീക്ഷിക്കുന്ന കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ തീവ്രത ലഘൂകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | കോവിഡ് വ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് സർക്കാർ സമയാസമയങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി നടപ്പിലാക്കി ആയിരിക്കും KSRTC സർവ്വീസ് നടത്തുക. |
| (ഡി) | സാമൂഹിക അകലം പാലിക്കേണ്ടതുണ്ടെങ്കിലും യാത്രക്കാർ അധികവും സാധാരണക്കാരായതിനാലാണോ ഇത് ലംഘിച്ച് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. യെ അനുവദിച്ചത്? | (ഡി) | സാമൂഹിക അകലം ഉൾപ്പെടെ സർക്കാരിന്റെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തന്നെയാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ